# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 19.03.2018-ന് മറുപടിയ്ക്ക്
നിയമസഭാ ചോദ്യം നം. 3881

## സ്കൂൾ കോമ്പൗണ്ടിലെ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സാമൂഹ്യ വനവത്ക്കരണത്തിന്റെ ഭാഗമായി സ്കൂൾ കോമ്പൗണ്ടുകളിൽ വർഷങ്ങൾക്ക് മുമ്പ് നട്ട മഹാഗണി, അക്കേഷ്യ, യൂക്കാലിപ്റ്റസ്, മാഞ്ചിയം തുടങ്ങിയവയും മറ്റ് പാഴ് മരങ്ങളും സ്കൂൾ കെട്ടിടങ്ങൾക്കും കുട്ടികളുടെ ജീവനു തന്നെയും ഭീഷണിയായി വളർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) സ്കൂൾ കോമ്പൗണ്ടിലെ ഇത്തരം മരങ്ങൾ മുറിച്ചു മാറ്റുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വനം വകുപ്പ് നട്ട ഈ വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം ഇപ്പോൾ ആർക്കാണ്; വ്യക്തമാക്കുമോ;<br><br>(സി) അപകടകരങ്ങളായ ഇത്തരം മരങ്ങൾ മുറിച്ച് മാറ്റുന്നതിന് സ്കൂൾ എച്ച്. എം. നും പി. ടി. എ. | (ബി) & (സി) സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് മേഖലയിലെ സ്കൂൾ കോമ്പൗണ്ടുകളിൽ കുട്ടികളുടെ ജീവനും സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷയ്ക്കും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ അദ്ധ്യാപക-രക്ഷാകർതൃ സമിതി ആവശ്യപ്പെട്ടാൽ വനംവകുപ്പിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും മുൻകൂർ അനുവാദമില്ലാതെതന്നെ മുറിച്ചുമാറ്റാൻ ആവശ്യമായ നടപടികൾ സ്കൂൾ പ്രഥമാദ്ധ്യാപകൻ / മാനേജർ സ്വീകരിക്കണമെന്നുള്ള നിർദ്ദേശം സർക്കാർ |

ക്കും അധികാരമുണ്ടോ; ഇത്തരം മരങ്ങൾ ലേലം ചെയ്ത് കൊടുക്കാനുള്ള അധികാരം അതാതു സ്കൂൾ എച്ച്. എം. മാർക്കും ഇങ്ങനെ ലഭിക്കുന്ന തുക സ്കൂളിന്റെ പൊതു ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിനും ഉത്തരവ് പുറപ്പെടുവിക്കുമോ; വ്യക്തമാക്കാമോ?

നൽകിയിട്ടുണ്ട്. സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി സ്കൂളുകളിൽ വച്ചുപിടിപ്പിച്ചിട്ടുള്ള മരങ്ങളുടെ ഉടമസ്ഥാവകാശം ഇപ്പോൾ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിക്ഷിപ്തമാണ്. മേൽപ്രകാരം മുറിച്ചിട്ട മരങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലേലം ചെയ്ത് വിൽക്കേണ്ടതും വനംവകുപ്പിന്റെ അംഗീകാരം ആവശ്യമുള്ള സംരക്ഷിത **മരങ്ങളുടെ കാര്യത്തിൽ ആയത് പ്രസ്തുത** വകുപ്പിന്റെ അംഗീകാരത്തോടുകൂടി മാത്രം ലേലം ചെയ്ത് വിൽക്കേണ്ടതുമാണ്. ഇപ്രകാരം ലഭിക്കുന്ന തുക സ്കൂളിന്റെ പൊതു ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കാര്യം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ